**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക യന്ത്രവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക യന്ത്രവത്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കാർഷിക യന്ത്രങ്ങൾ പ്രചാരത്തിലാക്കുന്നതിനും അവയുടെ ലഭ്യത ഉറപ്പ വരുത്തുന്നതിനും കാർഷിക യന്ത്ര വൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി സബ്-മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (Sub-Mission on Agricultural Mechanization - SMAM) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കൃഷിക്കാർക്ക് യന്ത്രങ്ങൾ വാങ്ങുന്നതിന് 40% മുതൽ 60% വരെ സബ്സിഡിയും ഗ്രൂപ്പകൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് 80% സബ്സിഡിയും, അനുവദിച്ച വരുന്നുണ്ട്.<br><br>ഈ പദ്ധതി പ്രകാരം കസ്റ്റം ഹയറിങ് സെന്ററുകൾ (കാർഷിക യന്ത്രോപകരണങ്ങളുടെ വാടക കേന്ദ്രങ്ങൾ), കാർഷിക യന്ത്രോപകരണ ങ്ങളുടെ ബാങ്കുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. അതുവഴി തൊഴിലാളി ക്ഷാമം ഒരു പരിധി വരെ കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തുള്ള കാർഷിക സേവന കേന്ദ്രങ്ങളിലെയും കാർഷിക കർമ്മസേനകളിലെയും കാർഷിക യന്ത്രങ്ങൾ പ്രവർത്തന സജ്ജമാക്കി കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ സേവനം നൽകുന്നതിനായുള്ള പദ്ധതി കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികൾ പ്രകാരം കർഷകർക്ക് നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തി ഇവയിൽ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തന യോഗ്യമാക്കാവുന്നവ പ്രവർത്തന സജ്ജമാക്കുന്നതിന് 'കാർഷിക യന്ത്രം സർവ്വം ചലിതം' എന്ന പേരിൽ ഒരു പദ്ധതിയും നടപ്പാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | കൃഷി കൂട്ടങ്ങൾക്ക് കാർഷിക യന്ത്രങ്ങൾ നൽകുന്നതിനും കൃഷി കൂട്ടങ്ങളിലെ അംഗങ്ങളെ കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് വേണ്ടുന്ന പരിശീലനം നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് കർഷകർക്കായി സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | സബ്-മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (Sub-Mission on Agricultural Mechanization - SMAM) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കൃഷിക്കാർക്ക് യന്ത്രങ്ങൾ വാങ്ങുന്നതിന് 40% മുതൽ 60% വരെ സബ്സിഡിയും ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ത ഘടക പദ്ധതികൾക്ക് 40% ഉം 80% ഉം സബ്സിഡി അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ